# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.660** **11/06/2014-ൽ മറുപടിക്ക്**

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അനാസ്ഥ

**ചോദ്യം**

ശ്രീ. എളമരം കരീം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കെ. ജയചന്ദ്രൻ
" കെ. കെ. നാരായണൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അനാസ്ഥ കൊണ്ട് 60 കോടി രൂപയുടെ മരുന്ന് നശിക്കാനിടയായതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കാമോ ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അനാസ്ഥ കൊണ്ട് 60 കോടി രൂപയുടെ മരുന്ന് നശിക്കാനിടയായി എന്ന പ്രസ്താവന ശരിയല്ല. |
| (ബി) | സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം നേരിടുമ്പോൾ മരുന്ന് കെട്ടിക്കിടക്കാൻ കാരണമായതെന്തെന്ന് അറിയിക്കാമോ ; | (ബി) | ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകളാണ് സർക്കാർ ആശുപത്രികൾക്ക് നൽകിവരുന്നത്. ആശുപത്രികളിൽ ക്ഷാമം നേരിടുമ്പോൾ മരുന്നുകൾ കോർപ്പറേഷൻ വെയർഹൗസിൽ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (സി) | മരുന്ന് വാങ്ങലിന്റെയും വിതരണത്തിന്റെയും അപാകത നികത്താൻ നടപടി ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | സർക്കാർ അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ടെൻഡർ മുഖാന്തിരമാണ് കോർപ്പറേഷൻ മരുന്നുകൾ സംഭരിച്ചു വിതരണം ചെയ്തു വരുന്നത്. എന്തെങ്കിലും അപാകതകൾ കണ്ടെത്തിയാൽ യഥാസമയം വേണ്ട നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | കാവാവധി കഴിഞ്ഞ മരുന്നുകൾ തീയതി തിരുത്തി നൽകാൻ കെ.എം.എസ്.സി.എൽ നിർദ്ദേശിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? | (ഡി) | കാലാവധി കഴിഞ്ഞ മരുന്നുകൾ സർക്കാർ ആശുപത്രി മുഖേന വിതരണം ചെയ്യുവാ നുള്ള ഒരു നടപടിയും കോർപറേഷന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ